
# Feasts of St. Mary (മാതാവിന്റെ തിരുനാളുകൾ)

*(For detailed description please refer the Malayalam book "St. Mary, Mother of God" (ദൈവമാതാവായ പരിശുദ്ധ മറിയം) given in this Website)*

| No. | Name | Feast Day | Photo | More Photos, | Brief Description |
|---|---|---|---|---|---|
| 1 | Mother of God - The Solemnity of Mary , The Blessed Virgin Mary.<br>ദൈവ മാതാവ് / കന്യക മാതാവ് | Jan. 1 |  | <br> | എ.ഡി. 431-ലെ എഫേസോസ് സാർവ്വത്രിക സൂനഹദോസിൽ വച്ച് മറിയത്തിന്റെ ദൈവ മാതൃത്വം ഒരു വിശ്വാസ സത്യമായി സഭ പ്രഖ്യാപിച്ചു. എ.ഡി. 649-ലെ ലാറ്ററൻ കൗൺസിലിൽ വച്ച് വി. മാർട്ടിൻ ഒന്നാമൻ മാർപ്പാപ്പ മറിയത്തിന്റെ നിത്യകന്യകാത്വം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. |
| 2 | Our Lady of Purification and The Presentation of Our Lord<br>ശുദ്ധീകരണത്തിരുനാൾ | Feb. 2 |  |  | മോശയുടെ നിയമമനുസരിച്ച്, ശുദ്ധീകരണത്തിനുള്ള ദിവസങ്ങൾ പൂർത്തിയായപ്പോൾ, അവർ യേശുവിനെ കർത്താവിനു സമർപ്പിച്ചു. (Luke 2: 21-38) |
| 3 | Our Lady of Lourdes<br>ലൂർദ്ദ് മാതാവ് | Feb.11 |  |  | ഫ്രാൻസിലെ ലൂർദ്ദ് എന്ന ഗ്രാമത്തിൽ 1858-ൽ ബർണദീത്തായെന്ന പെൺകുട്ടിക്ക് മാതാവ് പ്രത്യക്ഷപ്പെട്ടു. |
| 4 | The Annunciation<br>മംഗളവാർത്ത | Mar 25 |  |  | ദൈവത്താൽ അയയ്ക്കപ്പെട്ട ഗബ്രിയേൽ ദൂതൻ യേശുവിൻെറ ജനനത്തെക്കുറിച്ച് മറിയത്തെ അറിയിക്കുന്നു. (Luke 1: 26-38) |
| 5 | Our Lady of Fatima<br>ഫാത്തിമ മാതാവ് | May 13 |  | <br> | ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകര യാതനകൾ ലോകരെല്ലാം അനുഭവിച്ചു കൊണ്ടിരുന്ന കാലത്ത് 1917 മേയ് 13-ാം തീയതി ദൈവമാതാവ് പോർട്ടുഗലിലെ ഫാത്തിമയിൽ ലൂസി, ജസീന്ത, ഫ്രാൻസിസ് എന്നീ ഇടയക്കുട്ടികൾക്ക് പ്രത്യക്ഷയായി. ഒക്ടോബർ മാസം വരെ ഓരോ മാസവും 13-ന് മാതാവ് അവർക്ക് പ്രത്യക്ഷയായി. |
| 6 | Our Lady, Help of Christians | May 24 |  |  | |

| No. | Name | Feast Day | Photo | More Photos, | Brief Description |
|---|---|---|---|---|---|
| 7 | Visit to Elizabeth by the Mother Mary<br>സന്ദർശനത്തിരുനാൾ | May 31 |  |  | മറിയം സഖറിയായുടെ വീട്ടിൽ എലിസബത്തിനെ അഭിവാദനം ചെയ്യുന്നു. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞ വളായി ഉദ്ഘോഷിച്ചു: 'നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിൻെറ ഉദരഫലവും അനുഗൃഹീതം.' (Luke 1: 39-45) |
| 8 | Immaculate Heart of Mary<br>മറിയത്തിന്റെ വിമലഹൃ ദയം | ഈശോയുടെ തിരുഹൃദ യത്തിരുനാ ളിന്റെ പിറ്റേ ന്ന് |  |  | ഈശോയുടെ തിരുഹൃദയ ഭക്തിയുടെ ഉജ്ജ്വല പ്രേഷിതയായ മാർഗരറ്റ് മേരി അലക്കോക്കിന് 1688-ൽ വിമലഹൃദയം ഈശോയുടെ തിരുഹൃദയത്തോ ടൊപ്പം പ്രത്യക്ഷപ്പെട്ടു. |
| 9 | Our Lady of Perpetual Help / Our Lady of Perpetual Succour<br>നിത്യസഹായ മാതാവ് | June 27 |  | നിത്യസഹായ മാതാവിന്റെ അത്ഭുതചിത്രം സുവിശേഷകനായ വി. ലൂക്കാ വരച്ചു എന്നാണ് പാരമ്പര്യ വിശ്വാസം. യേശുവിന്റെ ബാല്യകാലത്തിലെ ഒരു സംഭവമാണ് ഈ ചിത്രം അനുസ്മരിപ്പി ക്കുന്നത്. പതിനഞ്ചാം ശതാബ്ദത്തിന്റെ അന്ത്യത്തോടുകൂടി ഈ ചിത്രം ക്രീറ്റ് ദ്വീപിൽനിന്നു റോമിലേയ്ക്ക് കൊണ്ടുവരപ്പെടുകയും നിത്യസഹായമാതാവെന്ന പേരിൽ വണങ്ങപ്പെടുകയും ചെയ്തു. | |
| 10 | Our Lady of Rosa Mystica<br>റോസാ മിസ്റ്റിക്ക മാതാവ് | July 13 |  | <br> | 1947 മുതൽ 1976 വരെ പരിശുദ്ധ അമ്മ ഇററലിയിലെ മോണ്ടിചിയാരി എന്ന സ്ഥലത്ത് പിയറി നാഗില്ലി എന്ന നഴ്സിന് റോസാ മിസ്റ്റിക്ക എന്ന പേരിൽ ദർശനം നൽകുകയുണ്ടായി. ലോകത്തിലെ  വിവിധ സ്ഥലങ്ങളിൽ ഈ രൂപത്തിൽനിന്നു രക്തക്കണ്ണുനീർ, തേൻ എന്നിവ ഒഴുകുന്നു. |
| 11 | Our Lady of Mount Carmel<br>കർമ്മല മാതാവ് | July 16 |  | <br> | 1251 ജൂലൈ 16–ാം തീയതി അർദ്ധ രാത്രി സൈമൺ സ്റ്റോക്ക് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ വാനവഗണ ങ്ങളുടെ അകമ്പടിയോടുകൂടി കർമ്മല മാതാവ് പ്രത്യക്ഷപ്പെട്ട് കർമ്മലോത്ത രീയം നല്കി. |
| 12 | Our Lady of the Assumption<br>സ്വർഗ്ഗാരോപിത മാതാവ് | Aug. 15 |  |  | 1950 നവംബർ 1–ാം തീയതി മുനിഫി ച്ചെന്തീസ്സീമൂസ് ദേവൂസ് (പരമകാരു ണികനായ ദൈവം) എന്ന തിരുവെഴു ത്തുവഴി 12–ാം പീയൂസ് മാർപ്പാപ്പ മറി യത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. |

| No. | Name | Feast Day | Photo | More Photos, | Brief Description |
|---|---|---|---|---|---|
| 13 | Our Lady, Queen of Heaven<br>ലോകരാജ്ഞിപദത്തിരുനാൾ | Aug. 22 |  |  | പരിശുദ്ധ ദൈവമാതാവ് സ്വർല്ലോക ഭൂലോകങ്ങളുടെ രാജ്ഞിയായി സ്വർഗ്ഗത്തിൽ മുടി ധരിപ്പിക്കപ്പെട്ടു. പന്ത്രണ്ടാം പീയൂസ് പാപ്പാ മരിയൻ വത്സരത്തിന്റെ അവസാനത്തിൽ ‘‘സ്വർഗ്ഗറാണി’’ എന്ന ചാക്രികലേഖനത്തിലൂടെ 1954–ൽ മറിയത്തിന്റെ രാജ്ഞിത്വത്തിരുനാൾ പ്രഖ്യാപിച്ചു. |
| 13a | The Nativity of the Blessed Virgin Mary - St. Mary's Birthday<br>മാതാവിന്റെ ജനന തിരുനാൾ | Sept. 8 |  |  | അന്ന ഗർഭിണിയായി. കാലം തികഞ്ഞപ്പോൾ അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. കുഞ്ഞിനെ പ്രസവിച്ചപ്പോൾ അന്നയ്ക്ക് തന്റെ വിശുദ്ധി നിമിത്തം ഒരു വേദനയും അനുഭവപ്പെട്ടില്ല. മറിച്ച് പാപമില്ലാത്തവളെ വഹിച്ചതിന്റെ ആനന്ദപാരവശ്യമനുഭവിച്ചു. |
| 14 | Our Lady of Good Health<br>വേളാങ്കണ്ണി മാതാവ് | Sept. 8 |  | ഇന്ത്യയിലെ ഏറ്റവും വലിയ മാതൃതീർത്ഥാടന കേന്ദ്രമായ വേളാങ്കണ്ണി തമിഴ്നാട്ടിലാണ് സ്ഥിതിചെയ്യുന്നത്. ഈ തീർത്ഥാടന കേന്ദ്രത്തിന്റെ ഉത്പത്തിയെപ്പറ്റി ചരിത്രപരമായ തെളിവുകൾ ഇല്ലെങ്കിലും ഏതാണ്ട് 16, 17 നൂറ്റാണ്ടുകളിൽ സംഭവിച്ച രണ്ടു ദർശനങ്ങളാണ് ഇതിന്റെ സ്ഥാപന കാരണമായിത്തീർന്നത്. | |
| 15 | Feast of the Holy Name of Mary<br>മാതാവിന്റെ നാമകരണ തിരുനാൾ | Sept. 12 |  |  | അന്ന കുഞ്ഞിനെ പ്രസവിച്ച് ഒൻപതാംദിവസം കുടുംബാംഗങ്ങളെല്ലാം യോവാക്കീമിന്റെ ഭവനത്തിൽ സമ്മേളിച്ചു. ദൂതൻ അറിയിച്ചപ്രകാരം യോവാക്കീം കുഞ്ഞിനു ’മറിയം’ എന്നുപേരിട്ടു. |
| 16 | Our Lady of Sorrows (Our Lady of Dolours)<br>വ്യാകുല മാതാവ് | Sept. 15 |  |  |  |
| | | | 1727 ഏപ്രിൽ 22–ന് പതിമൂന്നാം ബനഡിക്ട് പാപ്പാ പ്രസിദ്ധപ്പെടുത്തിയ ഡിക്രി പ്രകാരം മറിയത്തിന്റെ ഏഴു വ്യാകുലങ്ങളോടുള്ള ഭക്തിക്ക് പൊതുവായ അംഗീകാരവും പ്രചാരവും സിദ്ധിച്ചു. ഏഴാം പീയൂസ് മാർപ്പാപ്പയാണ് 1814–ൽ വ്യാകുലമാതാവിന്റെ തിരുനാൾ സാർവ്വത്രിക സഭയിൽ സ്ഥാപിച്ചത്. | | |
| 17 | Our Lady of Mercy / Our Lady of Ransom<br>കാരുണ്യമാതാവ് / വിമോചക നാഥ | Sept. 24 |  |  | 1218–ൽ വി. പീറ്റർ നൊളാസ്കോ, വി. റൈമൂന്ത് പെന്തപോർട്ട്, ജെയിംസ് രാജാവ് എന്നിവർക്ക് പരിശുദ്ധ കന്യക പ്രത്യക്ഷയായി. അന്ന് സ്പെയിൻ രാജ്യത്തിന്റെ ഭൂരിഭാഗവും കൈയടക്കിവച്ചിരുന്ന മൂർ വർഗ്ഗത്തിന്റെ ക്രൂരമായ ബന്ധനത്തിൽനിന്നു ക്രിസ്ത്യാനികളെ മോചിപ്പിക്കുവാൻ ഒരു ഭക്തസഭ സ്ഥാപിക്കുവാൻ കല്പിച്ചു. |

| No. | Name | Feast Day | Photo | More Photos, Brief Description |
|---|---|---|---|---|
| 17a | Our Lady of Vallarpadam<br>വല്ലാർപാടത്തമ്മ | Sept. 24 |  | ‘‘ബന്ധനവിമോചകയായ ദൈവജനനിയുടെ ചിത്രത്തിന്റെ ഏഴ് പ്രതികൾ പോർച്ചുഗീസുകാർ 1524–ൽ കേരളത്തിലേക്ക് കൊണ്ടുവരികയും അവയിലൊന്ന് വല്ലാർപാടത്ത് സ്ഥാപിക്കുകയും പിന്നീടത് ‘‘വല്ലാർപാടത്തമ്മ‘‘ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. 2004 സെപ്തംബർ 12–ന് വല്ലാർപാടം പള്ളി ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടു |
| 18 | Our Lady of the Rosary<br>ജപമാല രാജ്ഞിയുടെ തിരുനാൾ | Oct 7 |  | 16–ാം നൂറ്റാണ്ടിൽ പീയൂസ് അഞ്ചാമന്റെ കാലത്ത് (ലെപ്പാന്റോയിൽവച്ച് തുർക്കികളുമായുണ്ടായ കുരിശുയുദ്ധത്തിൽ വിജയം വരിച്ചതിന്റെ വാർഷികദിനത്തിൽ) ഒക്ടോബർ ഏഴ് ജപമാല രാജ്ഞിയുടെ തിരുനാളായി സഭ ആഘോഷിച്ചു തുടങ്ങി. പരിശുദ്ധ മറിയം ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ട് പാപികളുടെ മാനസാന്തരത്തിനായി ജപമാല ചൊല്ലുവാൻ ആവശ്യപ്പെടുന്നു. |
| 19 | Koratty Muthy<br>കൊരട്ടി മുത്തി | ഒക്ടോബർ 10–ാം തിയതി കഴിഞ്ഞു വരുന്ന ഞായർ |  | എറണാകുളം അങ്കമാലി അതിരൂപതയുടെ വടക്കെ അറ്റത്ത് തൃശൂർ ജില്ലാതിർത്തിയിലാണ് കൊരട്ടി ഫൊറോനാ പള്ളി സ്ഥിതി ചെയ്യുന്നത്. കൊരട്ടിമുത്തി എന്ന പേരിലാണ് പരിശുദ്ധ കന്യകാമറിയം കൊരട്ടിയിലും സമീപപ്രദേശ ങ്ങളിലും അറിയപ്പെടുന്നത്. കൊരട്ടിമുത്തിയുടെ മാദ്ധ്യസ്ഥശക്തിയാൽ സംഭവിച്ചിട്ടുള്ളതും സംഭവിച്ചു കൊണ്ടിരിക്കുന്ന അത്ഭുതങ്ങൾ നിരവധിയാണ്. കൊരട്ടിമുത്തിക്കുള്ള നേർച്ചകളിൽ ഏറ്റവും പ്രധാനപ്പെട്ടത് പൂവൻകുലയാണ്. |
| 20 | Presentation of the Blessed Virgin Mary<br>മാതാവിന്റെ സമർപ്പണത്തിരുനാൾ | Nov. 21 |  | മറിയത്തിന് മൂന്ന് വയസ്സ് തികഞ്ഞപ്പോൾ യോവാക്കിമും അന്നയും അവളെ ദേവാലയത്തിലേക്ക് കൂട്ടികൊണ്ടുപോയി. അന്നയുടെ ഇളയ സഹോദരി എലിസബത്തും അവരുടെ കൂടെ ഉണ്ടായിരുന്നു. എലിസബത്തിന്റെ ഭർത്താവ് സഖറിയായും ആചാര്യന്മാരും മറ്റ് അന്തേവാസികളും ചേർന്ന് മറിയത്തെ സസന്തോഷം സ്വീകരിച്ച് ദൈവത്തെ സ്തുതിച്ചു. |
| 21 | Our Lady of The Miraculous Medal<br>അത്ഭുതകാശുരൂപ മാതാവ് | Nov. 27 |  | 1830–ൽ പാരിസിലെ റൂദുബാക്ക് എന്ന സ്ഥലത്ത് വിൻസെൻഷ്യൻ സന്യാസിനി സമൂഹത്തിലെ അംഗമായിരുന്ന സി. കാതറിൻ ലെബോറയ്ക്ക് അത്ഭുതകാശുരൂപ മാതാവിന്റെ ദർശനം മൂന്ന് പ്രാവശ്യമുണ്ടായി. |
| 22 | Mary Immaculate / The Immaculate Conception<br>അമലോത്ഭവ മാതാവ് | Dec. 8 |   | 1854 ഡിസംബർ 8–ാം തീയതി ഒൻപതാം പീയൂസ് മാർപ്പാപ്പ ‘ഇനെഫാബിലിസ് ദേവൂസ്’ എന്ന തിരുവെഴുത്തുവഴി മറിയത്തിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. ഡിസംബർ 8–ാം തീയതി അമലോത്ഭവ ത്തിരുനാളായി നിശ്ചയിക്കുകയും ചെയ്തു. |